



## എസ് എസ് എം വി എച്ച് എസ് എസ്
## എടക്കഴിയൂർ

# സ്കൂൾ ചരിത്രം

വിദ്യാഭ്യാസപരമായി  വളരെ പിന്നോക്കം  നിൽക്കുന്നതും പാവപ്പെട്ടവരും മൽസ്യതൊഴിലാളികളും കർഷക തൊഴിലാളികളും തിങ്ങിതാമസിക്കുന്നതുമായ എടക്കഴിയൂരിൽ  ഒരു സ്കൂൾ വേണമെന്ന് ഏഴ് പേര് അടക്കുന്ന ട്രസ്റ്റിന്റ നിവേദനത്തിന്റെ  അടിസ്ഥാനത്തിൽ അന്നത്തെ വിദ്യാഭ്യാസ  മന്ത്രിയായിരുന്ന ബഹു .സി .എച് മുഹമ്മദ് കോയ  സാഹിബ് പ്രത്യേകം താല്പര്യം എടുത്തു  1968 -69 ൽ ആരംഭിച്ച സ്ഥാപനമാണ് സീതി സാഹിബ് മെമ്മോറിയൽ ഫിഷറീസ് ഹൈ സ്കൂൾ എടക്കഴിയൂർ. പിന്നിടുണ്ടായ ചുഴലിക്കാറ്റ് മൂലം സ്കൾ കെട്ടിടം തകർന്നു വീഴുകയും തുടർന്ന് ട്രസ്റ്റികൾ സാമ്പത്തിക ബുദ്ധിമുട് നേരിടുകയും സ്കോൾ നടത്തിപ് പ്രയാസകരമാവുകയും ചെയ്തു ഈ സാഹചര്യത്തിൽ ട്രസ്റ്റിന്റെ മെമ്പർ ആയിരുന്ന അന്തരിച്ച മാനേജർ ആർ പി മൊയ്തുട്ടി സാഹിബ്. ആ വെല്ലുവിളി ഏറ്റെടുത്ത അദ്ദേഹവുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സ്ഥലം ഒരു സെന്റ് ഭാരവാഹികൾക്ക് കൈ മാറുകയും പകരം സ്കൂൾ നടത്തിപ്പും മറ്റും അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു.



പ്രഥമ ഹെഡ് മാസ്റ്ററായി ബഹു. അബ്ദു മാഷിനെ നിയമിക്കുകയും ചെയ്തു. ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ പ്രത്യേക തല്പരനായ മാനേജർ പ്ലസ് ടു ലഭിക്കുന്നതിന് വേണ്ടി ഗവൺമെന്റിൽ നിരന്തരമായി സമ്മർദ്ദം ചെലുത്തുകയും എന്നിട്ടും ലഭിക്കാതെ വന്ന സാഹചര്യത്തിൽ ബഹു. കോടതിയെ സമീപിച്ചു. പ്ലസ് ടു അൺ എയ്ഡഡ് ആയി ആരംഭിച്ച .88 -89 കാലഘട്ടത്തിൽ പ്ലസ് ടുവിന് അംഗീകാരം ലഭിക്കുകയും ചെയ്തു.

പാവപ്പെട്ടവർക്കും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം സ്വായത്തമാക്കുന്നതിനു വേണ്ടി 2007 -08 വര്ഷം മുതൽ എട്ടാം ക്ലാസ് തുടങ്ങി. പത്താം ക്ലാസ്സു വരെ ഇവിടെ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രവർത്തിക്കുന്നു. കൂടാതെ ഈയിടെ കേന്ദ്ര സർക്കാരിൽ നിന്നും ന്യൂനപക്ഷപദവി ലഭിച്ചതും സന്തോഷ പൂർവം അറിയിച്ചു കൊള്ളുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നേടുന്നതിന് ഈ പഠനം സഹായകവുമാവും. 2018 ൽ 50 ആം വാർഷികം ആഘോഷിച്ച സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂളിന് ഇനിയും ഉയരങ്ങളിലേക്കുള്ള വാതായനങ്ങൾ തുറക്കാൻ സർവേശ്വരൻ അനുഗ്രഹിക്കട്ടെ .

# നഷ്ട സ്വപ്നം

ഒത്തിരി ഒത്തിരി സ്വപ്നങ്ങൾ നെയ്തവൾ
സ്വപ്നത്തിൽ ചിറകേറി യാത്രയായി

സ്വപ്നത്തിൽ സുന്ദരതീരത്തിലെത്തവേ
അറിയുന്നു അവളാ നഗ്നസത്യം



ഇതുവരെ താൻകണ്ട സ്വപ്നങ്ങളത്രയും
വ്യർഥമായാനുള്ള നഗ്നസത്യം

തിരികെ ലഭിക്കാത്ത സ്നേഹമൊരു നോവായി
ഒരു നേർത്ത വിങ്ങലായി മാറിടവേ

ഇനിയും കാണുവാൻ സ്വപ്നങ്ങൾ ബാക്കിയായി
തട്ടിയുണർത്തുവാനാവാതവൾ നിൽപ്പൂ ....

ഇന്നവൾ കാണുംസ്വപ്നങ്ങളത്രയും
ദുസ്വപ്നങ്ങളായിതീർന്നീടുന്നു

ഇനിയെൻ മനസ്സിൽ സ്വപ്നമില്ലെന്നോർത്തു
എല്ല്ലാം മറക്കുവാനാശിച്ചവൾ നിൽപ്പൂ ....


ഏകാന്ത ജീവിത വീഥിയിലിന്നവൾ
സ്വപ്നങ്ങൾ കാണുവാൻ കാണുന്നു .  -ഫാത്തിമ നഹ

# സോഷ്യൽ മീഡിയയുടെ ഇര

സോഷ്യൽ മീഡിയയുടെ ഈ കാലത്ത് അതിന്റെ ഒരു ഇരയായില്ല എന്ന് ഇക്കാലത്ത്ത് പറയുകയാണെങ്കിൽ അത് തന്നെ അവരുടെ അഭിമാന തിളക്കം എന്നാൽ ഇരയായിട്ടുണ്ട് എന്ന് പറയുകയാണെങ്കി അത് അവരുടെ ജീവിതത്തിലെ ഒരു മറക്കാൻ പറ്റാത്ത അനുഭവമാവുമത് . ഒരിക്കൽ സോഷ്യൽ മീഡിയകളിലൂടെ ചീറിപായുമ്പോൾ എവിടെന്നോ ഒരു ശബ്ദം കേട്ടു"നിർത്തിക്കോ അത് നിനക്കു സംശയ നഷ്ടം" അത് ശെരിയാണെന്നും പറഞ്ഞതിൽ തെറ്റില്ലെന്ന് അറിഞ്ഞിട്ടും അത് നിർത്താതെ തുടർന്ന് . അവർ അതൊന്നും അറിയില്ല എന്ന വിചാരണയിൽ അങ്ങ് തുടർന്ന് പക്ഷെ അതൊരു നല്ലതിന് ആയിരുന്നില്ല അവർ ഇത് അറിയില്ല കേൾക്കില്ല കാണില്ല എന്ന് വിചാരിച്ചിട്ടും അവർ അതെല്ലാം അറിഞ്ഞു . ഞാൻ ആന്ന് മനസിലാക്കിയ ഒരു കാര്യം ഉണ്ട് ഒരു നാൾ നമുക്കായി നമ്മെ കാണാൻ വരും എല്ലാ

സാക്ഷികളും ആയിട്ട് . എല്ലാം ഒരു ദിവസം പുറം ലോകം അറിയും അന്ന് നമ്മളോടൊപ്പം മാപ്പ് ചോദിക്കാൻ ഒരു സ്റ്റോറിയോ സ്റ്റാറ്റസോ ഉണ്ടാവില്ല നമ്മളെ ഉണ്ടാവുകയുള്ളു .

-ഫാത്തിമ നഹ



# ഉറുമ്പുകൾ മാതൃക

ആഗോളചക്രവർത്തിയായ സുലൈമാൻ നബി ഒരു ദിവസം പരിവാരസമേതം യാത്രപോവുകയായിരുന്നു.അദ്ദേഹത്തിന്റെ പരിവാരം ഒരു സൈന്യത്തോളം തന്നെ വലുതായിരുന്നു.മനുഷ്യർക്ക് പുറമെ ഭൂതങ്ങളും പക്ഷികളും മൃഗങ്ങളുമെല്ലാം അടങ്ങിയതായിരുന്നു ആ സൈന്യം .

വഴിമദ്ധ്യേ വലിയൊരു ഉറുമ്പിൻക്കൂട്ടം നബിയുടെ കണ്ണിൽപെട്ടു.പക്ഷിമൃഗാതികളുടെപ്പോലെത്തന്നെ ഉറുമ്പുകളുടെയും ഭാഷ അറിയാവുന്ന സുലൈമാൻ നബി പെട്ടെന്ന് അവിടെത്തെന്നെ നിന്നു.അപ്പോൾ അദ്ദേഹത്തിന്റെ പരിവാരങ്ങളും നിശ്ചലമായി.നബി ഉറുമ്പുകളുടെ ചലനം ശ്രദ്ധിച്ചു.അച്ചടക്കമുള്ള തന്റെ സൈന്യത്തെപ്പോലും അതിശയിപ്പിക്കുന്ന മട്ടിൽ കർക്കശമായ പട്ടാളച്ചിട്ടയോടെ മാർച്ചുചെയ്യുന്നു ! ഉറുമ്പുകളുടെ സേനാധിപൻ വിളിച്ചു പറഞ്ഞു. ' ഉറുമ്പുകളേ, സുലൈമാനും പരിവാരവും അറിയാതെ നിങ്ങളെ ചവിട്ടിപ്പോവാതിരിക്കണമെങ്കിൽ പാർപ്പിടത്തിൽ ഉടൻ കയറിക്കൊള്ളുക ! ' സുലൈമാൻ നബി എല്ലാം സാക്രതം വീക്ഷിച്ചുകൊണ്ടിരിക്കുന്നു ഇത്തരമൊരു നിർണായകഘട്ടത്തിലും ഉറുമ്പുകൾ അണിമുറിയാതെയും അമ്പരക്കാതെയും അവയുടെ മാളത്തിലേക്ക് അതിവേഗം കയറിക്കൊണ്ടിരിക്കുന്നു.നബിയെ ആകർഷിച്ച പ്രതാനവസ്തുത ഒരൊറ്റ ഉറുമ്പും അവരനെ ചാടിക്കടന്നു രക്ഷപ്പെടാൻ ശ്രമിച്ചിരുന്നില്ല എന്നതാണ്. അങ്ങെനെയൊരു രക്ഷപ്പെടൽ ശ്രമം നടത്തിയിരുന്നുവെങ്കിൽ മാളത്തിന്റെ കുടുസ്സായ പ്രവേശനദ്വാരത്തിൽവെച്ച് ഉറുമ്പുകൾ തമ്മിൽത്തമ്മിൽ പടവെട്ടി ചാകേണ്ടിവരുമായിരുന്നു അത്തരം സന്ദിഗ്ധഘട്ടത്തിൽ പോലും ഉറുമ്പുകൾ സംയമനവും അച്ചടക്കവുമാണ് പാലിച്ചത്.ചീന്തോദീപകവും വിജ്ഞാനപ്രതവുമായ ഈ ഘടകം നബി തന്റെ അനിയായികൾക്കു കാണിച്ചുകൊടുത്തു.

ആത്മത്യാഗവും നിസ്വാർഥവും നിഷ്കാമവുമായ സ്നേഹവും ഈ ക്ഷുദ്രജീവികളെ അനുകരണീയ മാതൃകയാക്കിത്തീർക്കുന്നു. മാളത്തിനുള്ളിൽ കടക്കാൻ ഭയപ്പെടാതെ പുറത്തു നിന്നുകൊണ്ട് നിർദേശങ്ങൾ നൽകുന്ന ഉറുമ്പുകളുടെ സേനാധിപനെ സുലൈമാൻ നബി തന്റെ അനിയായികൾക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തു. ഈ സേനാധിപന്റെ ഉരുക്കുകോട്ടക്കകത്തിരുന്ന് യുദ്ധക്കളം നിയന്ത്രിക്കുന്ന മനുഷ്യസേനാധിപനെ ലജ്ജിപ്പിക്കുക തന്നെ ചെയ്യും.കാരുണ്യവാനായ സുലൈമാൻ നബി തന്റെ സൈന്യത്തിന്റെ നേരെ തിരിഞ്ഞികൊണ്ട് ആജ്ഞാപിച്ചു : 'ഉറുമ്പുകളുടെ മാളത്തിൽ നിന്നും മാറി മുന്നോട്ടു മാർച്ചുചെയ്യുക'

ആശയം :സർവ്വജ്ഞാനിയാണെന്ന് അഭിമാനിക്കുന്ന മനുഷ്യർക്ക് ഇല്ലാത്ത ചില കഴിവുകൾ മറ്റു ജീവികൾക്കുണ്ട്. നിസ്സാരന്മാരായ ഉറുമ്പുകൾ ഈയിനത്തിൽ പ്രഥമഗണനീയരാണ്.ഉറുമ്പുകളുടെ അച്ചടക്കവും സംയമനശീലവും ആത്മത്യാഗവും മനുഷ്യർക്ക് എക്കാലവും മാതൃകയാണെന്ന് കഥയിൽ നിന്ന് വ്യക്തമാണല്ലോ.....

സഹല
അസ്ലിൻ



# സ്മരണാമൃതം

ഓർമ്മയിലോരോടക്കുഴൽ വിളിച്ചു നമ്മൾ
ഓർമ്മകളൊക്കെ
ചികഞ്ഞെടുത്തു ബാല്യ കൗമാരത്തിലൂളിയിട്ടു നമ്മൾ
എന്നും മറക്കാത്തൊരോർമ്മക്കായി

ഒന്നോർത്തിരിക്കാൻ ഒന്നോർത്തെടുക്കാൻ
നമ്മൾ ഒന്നും പഠിച്ച വിദ്യാലയത്തിൽ
മുറ്റത്തെ മാവൊന്നുലച്ചു നോക്കാൻ
വീഴുമാകണ്ണി മാങ്ങയെടുത്തു തിന്നാൽ

മരണം വരെ ഓർത്തിരിക്കുവാനായുള്ള
ചില ധന്യമായ നിമിഷമുണ്ട്
ജാതി മത പരിവശമില്ലാതെ നാം
ഒത്തു ചേർന്നോടി കളിച്ചതുണ്ട്

പട്ടിണി പാവങ്ങൾ ഒട്ടും വയറുമായി
പൊട്ടിച്ചിരിച്ചു കളിക്കലുണ്ട്
പുസ്തകത്താളിൽ ഒളിച്ചുവെച്ചു നമ്മൾ
പവിത്രമായുള്ള സ്നേഹം

കാലം നമ്മുക് വരച്ചുതന്നു
വിരൽ തുമ്പിനാൽ നഗ്നത ഒപ്പിവെക്കാൻ

താങ്ങളുണ്ട് നമ്മളിലന്യമായ തീരുന്ന
ജന്മാന്തിരത്തിനെ പുണ്യമുണ്ട്

ഓർക്കുന്നു ഞാനെന്റെ ബാല്യകൗമാരങ്ങൾ
തീരുന്ന നെഞ്ചകതോർമ്മയായി
മരിക്കുകയില്ലെന്ന് തോന്നുന്ന
നമ്മളുള്ള കാലം വരെ ഈ ഓർമ്മകൾക്കായി

- നിഹില

# THANK YOU